സുപ്രഭാതം

11 January 2020

# മത്തിയുടെ ലഭ്യതക്കുറവ്; ചെറുകിട വള്ളങ്ങൾ ഉപയോഗിച്ചുള്ള മീൻപിടിത്തം കുറഞ്ഞു

കൊച്ചി: മത്തിയുടെ ലഭ്യതക്കുറവ് ചെറുകിട മത്സ്യത്തൊഴിലാളികൾക്ക് കനത്ത നഷ്ടമുണ്ടാക്കിയതായി പഠന റിപ്പോർട്ട്. സി.എം.എഫ്.ആർ.ഐയിൽ നടന്ന രാജ്യാന്തര മറൈൻ സിംപോസിയത്തിലാണ് ഇതുസംബന്ധിച്ച പഠന റിപ്പോർട്ട് അവതരിപ്പിച്ചത്. മത്തിയുടെ കുറവുകാരണം 2014 മുതൽ ചെറുകിട വള്ളങ്ങൾ ഉപയോഗിച്ചുള്ള മീൻപിടിത്തം പകുതിയിലേറെ കുറഞ്ഞു.

ചെറിയ വള്ളങ്ങളിൽ നിന്നുള്ള ശരാശരി വരുമാനം 12,000 രൂപയായിരുന്നത് 2014ന് ശേഷം ശരാശരി 2,500 രൂപയായി കുറഞ്ഞുവെന്ന് പഠനത്തിന് നേതൃത്വം നൽകിയ സി.എം.എഫ്.ആർ.ഐയിലെ സീനിയർ സയന്റിസ്റ്റ് ഡോ. എൻ. അശ്വതി പറഞ്ഞു. 2010 മുതൽ 2018 വരെയുള്ള മത്സ്യലഭ്യതയും വരുമാനവുമാണ് പഠനവിധേയമാക്കിയത്. ഇക്കാലയളവിൽ മത്തിയുടെ ലഭ്യത 2.5 ലക്ഷം ടണ്ണിൽ നിന്ന് 77,000 ടണ്ണായാണ് കുറഞ്ഞത്. മത്തിയുടെ ലഭ്യതയിലെ ഏറ്റക്കുറച്ചിലുകൾ സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളുടെ ദൈനംദിന ജീവിതത്തെ നേരിട്ട് ബാധിക്കുന്നതാണെന്നും ഡോ. അശ്വതി അഭിപ്രായപ്പെട്ടു. 2012ൽ 3.9 ലക്ഷം ടൺ മത്തി കേരള തീരങ്ങളിൽ നിന്ന് ലഭിച്ചിരുന്നു. എന്നാൽ, പിന്നീടുള്ള വർഷങ്ങളിൽ മത്തിയുടെ ലഭ്യതയിൽ ഗണ്യമായ കുറവുണ്ടായി. 2017ൽ നേരിയ വർധനവുണ്ടായെങ്കിലും വീണ്ടും കുറയുകയാണുണ്ടായത്. 2018ൽ 77,093 ടൺ മത്തിയാണ് കേരളത്തിൽ ലഭ്യമായത്.